# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 231      14.12.2015 - ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് 140 അടി ആയി ഉയർന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി; ഇക്കാര്യത്തിൽ ജനങ്ങൾക്കുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബഹു. സുപ്രീംകോടതി നിയോഗിച്ച മേൽ നോട്ടസമിതി-ചെയർമാനോട്ടും, കേന്ദ്ര ജലകമ്മീഷനോട്ടും കേന്ദ്ര സർക്കാരിനോട്ടും യഥാസമയം അഭ്യർത്ഥിച്ചിരുന്നു. |
| (ബി) ഡാമിന്റെ ഷട്ടറുകൾ ഒന്നൊഴികെ മറ്റുള്ളവ പ്രവർത്തനരഹിതമാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | സുപ്രീംകോടതി നിയോഗിച്ച മേൽ നോട്ടസമിതി അണക്കെട്ടിലെ സ്പിൽ വേ ഷട്ടറുകളുടെ പ്രവർത്തനക്ഷമത ഉൾ പ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെ യ്യുന്നുണ്ട്. ജലനിരപ്പ് 142 അടിയിൽ എത്തിയ സാഹചര്യത്തിൽ ഷട്ടറുകൾ ആവശ്യാനുസരണം പ്രവർത്തിപ്പിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. |

(..2)

(സി) ഡാമിൽ നിന്നും തമിഴ്നാട് വെള്ളം കൊണ്ടുപോകുന്നത് നിർത്തി വച്ചിരിക്കുകയാണെന്നും ഒരാഴ്ച കഴിഞ്ഞു മാത്രമേ ഷട്ടർ തുറക്കാൻ സാദ്ധ്യതയുള്ളുവെന്നുമുള്ള തമിഴ്നാടിന്റെ വാദം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) അണക്കെട്ടിൽ നിന്നും വെള്ളം കൊണ്ടുപോകുന്നത് തമിഴ്നാട് നിർത്തി വച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ജലനിരപ്പ് ഉയർന്നുവരുന്ന സാഹചര്യത്തിൽ തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് പരമാവധി കൂട്ടണമെന്ന് കേരളം ആവശ്യപ്പെട്ടിരുന്നു. ഡാമിൽനിന്നും ടണൽ മുഖേന തമിഴ്നാട് കൊണ്ടുപോകുന്ന വെള്ളത്തിന്റെ അളവ് 06.12.2015 മുതൽ വർദ്ധിപ്പിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) തമിഴ്നാട് അടിയന്തരമായി ഡാമിന്റെ ഷട്ടർ തുറന്ന് വെള്ളം കൊണ്ടുപോകണമെന്ന് നിർ ദ്ദേശം നൽകാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന താല്പര്യം സംരക്ഷിച്ചുകിട്ടുന്നതിനാവശ്യമായ നിർ ദ്ദേശങ്ങൾ തമിഴ്നാടിന് നൽകുവാൻ മേൽ നോട്ടസമിതി ചെയർമാനോടും, കേന്ദ്ര സർക്കാരിനോടും കേന്ദ്രജലകമ്മീഷനോടും അഭ്യർത്ഥിച്ചിട്ടുണ്ട്. അപകടങ്ങളും ദുരന്തങ്ങളും ഒഴിവാക്കുന്നതിന് ആവശ്യമായ മുൻകരുതലുകളെടുക്കാൻ തമിഴ്നാടിന് നിർ ദ്ദേശം നൽകണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ